പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 666 **13-10-2026-ൽ മറുപടിയ്ക്ക്**

സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എൻ. ശക്തൻ

ശ്രീ. സി. വി. ശാന്തകുമാർ

ശ്രീ. എം. ആർ. ബൈജു

മറുപടി നൽകിയ മന്ത്രി

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) കേരളത്തിലെ സഹകരണ മേഖലയെ കൂടുതൽ വിശ്വാസ്യതയുള്ളതും ജനകീയവുമായ സംവിധാനമാക്കി മാറ്റാൻ ദീർഘകാല പ്രവർത്തനപദ്ധതികൾ ആവിഷ്കരിക്കുമോ; വിശദമാക്കാമോ;

മറുപടി:

കേരളത്തിലെ സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനും, അതിന്റെ ജനാധിപത്യ സ്വഭാവവും വിശ്വാസ്യതയും പുനഃസ്ഥാപിക്കുന്നതിനുമായി സർക്കാർ സ്വീകരിച്ചിട്ടുള്ള പ്രധാന നടപടികൾ ചുവടെ പറയുന്നവയാണ്:

1) വിശ്വാസ് പദ്ധതി

സഹകരണ സംഘങ്ങളിൽ നിക്ഷേപങ്ങൾ തിരികെ നൽകുന്നതുമായി ബന്ധപ്പെട്ടുണ്ടായ പ്രതിസന്ധികൾക്ക് പരിഹാരം കാണുന്നതിനും നിക്ഷേപകരുടെ താൽപ്പര്യങ്ങളും വിശ്വാസ്യതയും സംരക്ഷിക്കുന്നതിനുമായി "വിശ്വാസ്" എന്ന പേരിൽ ഒരു നിക്ഷേപ സുരക്ഷാ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായിട്ടുണ്ട്.

ഇതിന്റെ ഭാഗമായി, പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ജില്ലാതലത്തിൽ സഹകരണ സംഘങ്ങളെ വിവിധ വിഭാഗങ്ങളായി തരംതിരിച്ച് കൃത്യമായ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. കൂടാതെ, മുഴുവൻ സംഘങ്ങളെയും നിക്ഷേപ ഗ്യാരന്റി പദ്ധതിയുടെ പദ്ധതിയുടെ ഭാഗമാക്കിക്കൊണ്ട് എല്ലാ നിക്ഷേപങ്ങൾക്കും പൂർണ്ണ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2) കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം, 2018

സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിലൂടെ നിക്ഷേപകരിൽ ആത്മവിശ്വാസം വളർത്തുന്നതിനും കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനുമായാണ് 'കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം, 2018' രൂപീകരിച്ചത്. 1969-ലെ കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്ത പ്രവർത്തിക്കുന്നതും പ്രസ്തുത സ്കീമിൽ അംഗങ്ങളായതുമായ സംഘങ്ങൾ ലിക്വിഡേഷനിലാവുന്ന സാഹചര്യത്തിൽ, നിക്ഷേപകർക്ക് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ടിൽ നിന്നും പരമാവധി 5 ലക്ഷം രൂപ വരെ 'സെറ്റിൽമെന്റ് ഓഫ് ക്ലെയിം' (Settlement of Claim) ആയി നൽകിവരുന്നു.

ഗ്യാരന്റീഡ് സംഘങ്ങളിലെ നിക്ഷേപകർക്ക് നൽകിവരുന്ന ക്ലെയിം തുകയുടെ പരമാവധി പരിധി, നിക്ഷേപകൻ നിശ്ചിത വിഹിതം അടയ്ക്കുന്ന പക്ഷം, 5 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് സ്കീം ഭേദഗതി ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ലിക്വിഡേഷനിൽ ഉൾപ്പെടുന്ന സംഘങ്ങൾക്ക് പുറമെ, അഴിമതി, സാമ്പത്തിക ക്രമക്കേട്, പണാപഹരണം എന്നിവ മൂലമല്ലാതെ മറ്റ് കാരണങ്ങളാൽ സാമ്പത്തിക പ്രതിസന്ധിയിലായതും എന്നാൽ ലിക്വിഡേഷനിൽ ഉൾപ്പെടാത്തതുമായ സംഘങ്ങൾക്കും പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കത്തക്ക വിധത്തിൽ നിക്ഷേപ ഗ്യാരന്റി പദ്ധതി

പരിഷ്കരിക്കുന്നതിനുള്ള കരട് നിർദ്ദേശം തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ 'നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ്' നിലവിൽവരുന്ന മുറയ്ക്ക് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

3) കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി 2008.

സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക/കാർഷികേതര ആവശ്യങ്ങൾക്കായി (സ്വർണ്ണപ്പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെയുള്ളവ) വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിക്കുള്ളിൽ മരണപ്പെടുകയാണെങ്കിൽ, അന്നേദിവസം ബാക്കിനിൽക്കുന്ന ബാധ്യതയിൽ നിന്നും അവരെ ഒഴിവാക്കുന്നതിനായി നടപ്പിലാക്കുന്ന ഒരു സ്വാശ്രയ പദ്ധതിയാണ് കേരള സഹകരണ കടാശ്വാസ പദ്ധതി 2008 / കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി 2008.

കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നിബന്ധന 4 (ബി) വ്യവസ്ഥപ്രകാരം വായ്പാ കാലാവധിക്കുള്ളിലോ അതിനുശേഷമോ വായ്പക്കാരൻ മരണപ്പെടുമ്പോൾ വായ്പാ മുതലിൽ തുടർച്ചയായി 6 മാസത്തിൽ അധികരിച്ച് തിരിച്ചടവിൽ കുടിശ്ശിക വരുത്തിയാൽ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ലയെന്നും നിബന്ധന 4 (സി) യിലെ മാരകരോഗങ്ങൾ പിടിപെടുന്ന വായ്പക്കാരുടെ ചികിത്സാ സഹായത്തിന് മാത്രം കുടിശ്ശിക ബാധകമല്ല എന്ന വ്യവസ്ഥയും ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് നിലവിൽവരുന്ന മുറയ്ക്ക് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

4) സഹകരണ വിജിലൻസ്

സഹകരണ സംഘങ്ങളിലെ അന്വേഷണ വിചാരണ, തിരിമറികളുടെ കുറ്റാന്വേഷണം, അഴിമതി, മറ്റ് ഗുരുതരമായ ക്രമക്കേടുകൾ തുടങ്ങിയവ സംബന്ധിച്ച് രജിസ്ട്രാർ ആവശ്യപ്പെടുന്ന കാര്യങ്ങൾ അന്വേഷിക്കുന്നതിനായി സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന സംവിധാനമാണ് സഹകരണ വിജിലൻസ്.

സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ പൂർണ്ണമായും അഴിമതിരഹിതവും സുതാര്യവുമാണെന്ന് ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി, വിജിലൻസ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ചയെന്നോണം, അടിസ്ഥാന വികസനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സഹകരണ വിജിലൻസിന്റെ മൂന്ന് മേഖലാ ഓഫീസുകൾക്കുമായി മൂന്ന് പുതിയ വാഹനങ്ങൾ അനുവദിച്ചിട്ടുള്ളതാണ്.

5) കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് സ്കീം, 2025

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതോ അടിയന്തര സാഹചര്യങ്ങൾ മൂലം പ്രവർത്തനമാന്ദ്യം നേരിടുന്നതോ ആയ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും അവയുടെ പ്രവർത്തനക്ഷമത വീണ്ടെടുക്കുന്നതിനുമായി സാമ്പത്തിക സഹായം നൽകുക എന്ന ലക്ഷ്യത്തോടുകൂടി നടപ്പിലാക്കിയ പദ്ധതിയാണ് കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് സ്കീം, 2025. പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം കൂടുതൽ സഹകരണ സംഘങ്ങൾക്ക് കൂടി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി, പദ്ധതി വ്യവസ്ഥകളിൽ ആവശ്യമായ ഭേദഗതികൾ വരുത്തിക്കൊണ്ടുള്ള സമഗ്രമായ പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

6) ആശ്വാസ് 2026

സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ ഇളവുകളോടെ അടച്ചു തീർത്ത് വായ്പാ ബാധ്യതയിൽ നിന്നും മുക്തമാകുവാൻ വായ്പക്കാർക്ക് അവസരം നൽകിക്കൊണ്ടും, സംഘങ്ങൾ/ബാങ്കുകളിൽ വർധിച്ചു വരുന്ന കുടിശ്ശിക/നിഷ്ക്രിയ ആസ്തികൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടേയും 'ആശ്വാസ് 2026' പദ്ധതി 2026 ജൂൺ 1 മുതൽ സെപ്റ്റംബർ 30 വരെ നടപ്പിലാക്കിയിട്ടുണ്ട്.

ഈ പദ്ധതിയുടെ ഗുണഫലങ്ങൾ അർഹരായ എല്ലാ സഹകാരികളിലേക്കും എത്തിക്കുന്നതിനും കൂടുതൽ ജനോപകാരപ്രദമാക്കുന്നതിനുമായി പദ്ധതി കാലയളവിൽ ജപ്തി,ലേല നടപടികൾ നിർത്തി വച്ചിരുന്നു. അതോടൊപ്പം ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ തീരുമാനിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള വിവിധ കമ്മിറ്റികളിലേക്ക് അതാത് നിയമസഭ/പാർലമെന്റ് അംഗങ്ങളെക്കൂടി ഉൾപ്പെടുത്തി പുന:സംഘടിപ്പിച്ചും സംഘം, താലൂക്ക്, ജില്ലാ, സംസ്ഥാനതല കമ്മിറ്റികൾക്ക് അനുവദിക്കാവുന്ന ഇളവുകൾ പുനർനിർണ്ണയിച്ചുകൊണ്ടും "ആശ്വാസ്" പദ്ധതി സംബന്ധിച്ച മാർഗ്ഗനിർദേശങ്ങൾ പരിഷ്കരിച്ച് ഫലപ്രദമായി നടപ്പിലാക്കുകയും ഇതിലൂടെ സാമ്പത്തിക പ്രതിസന്ധി, ഗുരുതര രോഗം, കുടുംബത്തിലെ മരണങ്ങൾ, പ്രകൃതിക്ഷോഭം തുടങ്ങിയ കാരണങ്ങളാൽ വായ്പ യഥാസമയം തിരിച്ചടക്കാൻ കഴിയാതെ കുടിശ്ശികയായി വായ്പാ ബാധ്യതയിൽപ്പെട്ട സഹകാരികൾക്ക് ഇളവുകളോടെ വായ്പകൾ ഒന്നായും തവണകളായും അടച്ചു തീർക്കുന്നതിനും അതിലൂടെ സഹകരണ സംഘങ്ങളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

ആശ്വാസ് പദ്ധതി കൂടുതൽ ജനോപകാരപ്രദമാക്കുന്നതിനായി താലൂക്ക് തലത്തിലും ജില്ലാതലത്തിലും എം. പി മാരെയും എം. എൽ. എ മാരെയും ഉൾപ്പെടുത്തി കമ്മിറ്റികൾ പുനഃ സംഘടിപ്പിച്ചതിലൂടെ സംസ്ഥാന തലത്തിൽ 3 ജില്ലാ തലത്തിൽ 32, താലൂക്ക് തലത്തിൽ 100, സംഘം തലത്തിൽ 9,297 എന്നിങ്ങനെ അകെ 9,432 അദാലത്തുകൾ സംഘടിപ്പിക്കുകയും

അപേക്ഷകൾ തീർപ്പുകല്പിക്കുകയും ചെയ്തതിലൂടെ സംസ്ഥാനത്തുടനീളമായി 66,409 വായ്പക്കാർക്ക് 43,955.34 ലക്ഷം രൂപയുടെ ഇളവ് നൽകാനും അതിലൂടെ അതാതു സഹകരണ സംഘങ്ങൾക്കും ബാങ്കുകൾക്കും 2,15,276.65 ലക്ഷം രൂപയുടെ നിഷ്ക്രിയ ആസ്തി കുറയ്ക്കാനുമായിട്ടുണ്ട്. സംസ്ഥാന കമ്മിറ്റിക്കു പരിഗണിക്കാനായി ജില്ലകളിൽ നിന്നും അപേക്ഷകൾ എത്തുന്നതിനാൽ മേൽ കണക്കിൽ വർദ്ധനവ് വരുന്നതാണ്.

മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി ഈ പദ്ധതിയ്ക്ക് വളരെയേറെ ജനപിന്തുണ നേടുവാൻ കഴിഞ്ഞിട്ടുണ്ട്. പദ്ധതി പ്രകാരം വിവിധ കമ്മിറ്റികൾക്ക് അനുവദിക്കാവുന്ന ഇളവുകളും ആനുകൂല്യങ്ങളും ചുവടെ ചേർക്കുന്നു.

1.സംഘം തല കമ്മിറ്റി

5 വർഷത്തിൽ കൂടുതൽ കുടിശ്ശിക ആയ 50,000 രൂപ വരെയുള്ള വായ്പയുടെ പലിശ പൂർണ്ണമായും ഒഴിവാക്കുന്നു.

5 വർഷത്തിൽ താഴെ കുടിശ്ശിക ആയ 50,000 രൂപ വരെയുള്ള വായ്പയുടെ പലിശ 50% വരെ ഇളവ് നൽകുന്നു.

50,000 നു മുകളിൽ 5 ലക്ഷം വരെ ഉള്ള വായ്പകളിൽ പലിശയിൽ പരമാവധി 25% ഇളവ് നൽകുന്നു.

5 ലക്ഷം മുതൽ 25 ലക്ഷം വരെയുള്ള വായ്പകളിൽ പരമാവധി 25% വും 25 ലക്ഷത്തിനു മുകളിൽ 50 ലക്ഷം വരെയുള്ള വായ്പകളിൽ പരമാവധി 15% വും വ്യവസ്ഥകൾക്ക് വിധേയമായി ഇളവ് നൽകുന്നു.

അതി ദരിദ്ര പട്ടികയിൽപ്പെട്ടവരുടെ 1 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ പലിശ പൂർണ്ണമായും 1 ലക്ഷം രൂപയ്ക്കു മുകളിൽ 5 ലക്ഷം വരെയുള്ള വായ്പകളിൽ പലിശയിൽ 50% വരെയും അധിക ഇളവ് സംഘം തല കമ്മിറ്റി നൽകുന്നു.

ഗുരുതര രോഗം ബാധിച്ചവരുടെ കാര്യത്തിൽ മേൽ ഇളവുകൾക്കു പുറമെ 50,000 രൂപ വരെയുള്ള വായ്പകളിൽ 15% വും 50,000 നു മുകളിൽ 1 ലക്ഷം വരെയുള്ളവയിൽ 12% വും 1 ലക്ഷത്തിനു മുകളിൽ 5 ലക്ഷം വരെയുള്ളവയിൽ 10% വും 5 ലക്ഷത്തിനു മുകളിൽ 10 ലക്ഷം വരെയുള്ളവയിൽ 5% വും 10 ലക്ഷത്തിനു മുകളിൽ 25 ലക്ഷം വരെയുള്ളവയിൽ 3% വും 25 ലക്ഷത്തിനു മുകളിൽ 2% വും അധിക പലിശ ഇളവും നൽകിയിട്ടുണ്ട്.

2.താലൂക്ക് തല കമ്മിറ്റി

50,000 മുതൽ 25 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ പലിശയിൽ പരമാവധി 35% വരെയും 25 ലക്ഷത്തിനു മുകളിൽ 50 ലക്ഷം വരെയുള്ള വായ്പകളിൽ പരമാവധി 20% വരെയും ഇളവ് നൽകുന്നു.

3.ജില്ലാ തല കമ്മിറ്റി

50,000 മുതൽ 5 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ പലിശയിൽ പരമാവധി 50% വും 5 ലക്ഷത്തിനു മുകളിൽ 25 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ പലിശയിൽ പരമാവധി 40% വരെയും 25 ലക്ഷം മുതൽ 50 ലക്ഷം വരെയുള്ള വായ്പകളിൽ പരമാവധി 25% വരെയും ഇളവ് നൽകുന്നു.

4.സംസ്ഥാന തല കമ്മിറ്റി

ജില്ലാ തല കമ്മിറ്റിക്കു നല്കാവുന്നതിനേക്കാൾ കൂടുതൽ ഇളവ് നൽകേണ്ട സാഹചര്യമുണ്ടെങ്കിൽ അത്തരം അപേക്ഷകൾ സംസ്ഥാന കമ്മിറ്റിക്കു സമർപ്പിക്കാം. ജില്ലാ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പലിശയിലും മുതലിലും ഇളവു അനുവദിക്കാൻ സംസ്ഥാന കമ്മിറ്റിയ്ക്ക് അധികാരമുണ്ട്.

ക്യാഷ് ക്രെഡിറ്റ് വായ്പകൾക്കുള്ള ഇളവുകൾ

ക്യാഷ് ക്രഡിറ്റ് വായ്പകളിൽ അവസാന ഇടപാട് നടന്ന തീയതി മുതൽ സാധാരണ വായ്പയായി കണക്കാക്കി പലിശയിൽ അതിനനുസൃതമായ ഇളവുകൾ നൽകിയിട്ടുണ്ട്.

എം.എസ്.എസ് /എം.ഡി.എസ് വായ്പകളുടെ ഇളവുകൾ

പ്രതിമാസ നിക്ഷേപ പദ്ധതി/സ്കീമുകളിലും (എം.എസ്.എസ്, എം.ഡി.എസ്) കാലാവധി അവസാനിച്ച ശേഷം സാധാരണ വായ്പയായി കണക്കാക്കി അതിനനുസൃതമായ ഇളവുകൾ നൽകുന്നു.

ഈ പദ്ധതി പ്രകാരം പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കുകയും, ഒറ്റത്തവണയായി അടയ്ക്കാൻ കഴിയാത്തവർക്ക് പദ്ധതി കാലയളവിൽ തവണകളായി അടയ്ക്കുന്നതിനും പദ്ധതി അവസാനിച്ച 30.09.2026 നുള്ളിൽ അപേക്ഷ സമർപ്പിച്ചവർക്ക് തുക അടയ്ക്കുന്നതിനു 2026 ഒക്ടോബർ 31 വരെ സമയവും അനുവദിച്ചിട്ടുണ്ട്.

7) എം ആർ എഫ് ഫണ്ട് പോർട്ടൽ

കേരളത്തിലെ സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് ആശ്വാസമേകിക്കൊണ്ട് നടപ്പാക്കുന്ന പദ്ധതിയാണ് കേരള സഹകരണ അംഗ സമാശ്വാസ നിധി (മെമ്പർ റിലീഫ് ഫണ്ട്) പദ്ധതി. ടി പദ്ധതി ഓൺലൈനാക്കുന്നത് സർക്കാറിന്റെ

സജീവ പരിഗണനയിലാണ്.

ആയതിലൂടെ ഗുരുതരരോഗം ബാധിച്ച സഹകാരികൾക്ക് ഈ പദ്ധതി പ്രകാരം ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കുന്നതിനും, അപേക്ഷകൾ വേഗത്തിൽ സംസ്ഥാന ഉന്നതതല കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനും, അപേക്ഷാ പരിശോധനയുമായി ബന്ധപ്പെട്ട ജോലിഭാരം കുറയ്ക്കുന്നതിനും ഇതിലൂടെ സഹായകമാണ്.

ഇതുവഴി, അപേക്ഷകർക്ക് സ്വന്തമായോ, അക്ഷയ സെന്ററുകൾ വഴിയോ വെബ് പോർട്ടലിലൂടെ അപേക്ഷ സമർപ്പിക്കുവാനും, സമർപ്പിച്ച അപേക്ഷയുടെ നിലവിലെ സ്ഥിതി അറിയുവാനും സാധിക്കും.

ധനസഹായം ബാങ്ക് അക്കൗണ്ടിലൂടെ നേരിട്ട് സ്വീകരിക്കുവാനും അപേക്ഷ നൽകൽ പ്രക്രിയയുടെ സുതാര്യതയും കാര്യക്ഷമതയും ഉറപ്പ് വരുത്തി സഹകരണ മേഖലയിലെ അംഗങ്ങൾക്ക് വേഗത്തിൽ ധനസഹായം ലഭിക്കാൻ സഹായകമാവും.

8) റിസ്ക് ഫണ്ട് പോർട്ടൽ

മരണപ്പെട്ട വായ്പക്കാരുടെയോ ഗുരുതരമായ രോഗങ്ങളുള്ള കടം വാങ്ങുന്നവരുടെയോ ആശ്രി തർക്ക് റിസ്ക് ഫണ്ടിൽ നിന്ന് സാമ്പത്തിക സഹാ യം ഓൺലൈനായി കാര്യക്ഷമമായി വിതരണം ചെയ്യുന്നതിനായി ഒരു പോർട്ടൽ ഒരുക്കുന്നത് സർക്കാറിന്റെ സജീവ പരിഗണനയിലാണ്.

ടി പോർട്ടൽ സംവിധാനത്തിലൂടെ റിസ്ക് ഫണ്ട് വിഹിതം അടവാക്കൽ, റിസ്ക് ഫണ്ട് ക്ലൈയും, അപേക്ഷകൾ സ്വീകരിക്കൽ, അപേക്ഷകളിലെ തുടർനടപടികൾ, ധനസഹായം അനുവദിക്കൽ തുടങ്ങിയ കാര്യക്ഷമമായി ഇതിലൂടെ നടത്താനാകും.

9) ഏകീകൃത സോഫ്റ്റ് വെയർ

സംസ്ഥാനത്തെ സഹകരണ മേഖലയുടെ വൈവിധ്യങ്ങളായ പ്രവർത്തനങ്ങൾ പരിഗണിച്ചുകൊണ്ട് സംസ്ഥാന സർക്കാർ സ്വന്തം നിലയിൽ സഹകണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ യൂണിഫോം സോഫ്റ്റ്വെയർ സംവിധാനം നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തെ സഹകരണ മേഖലയുടെ സുതാര്യത, കാര്യക്ഷമത, വിശ്വാസ്യത എന്നിവ വർദ്ധിക്കുകയും, ബാങ്കിംഗ് സേവനങ്ങൾ ജനങ്ങൾക്ക് കൂടുതൽ വേഗത്തിലും സുരക്ഷിതമായും ലഭ്യമാക്കാൻ സാധിക്കുകയും ചെയ്യും.

(ബി) സഹകരണ സ്ഥാപനങ്ങളുടെ ഭരണസമിതികളുടെ പ്രവർത്തനങ്ങളിൽ കൂടുതൽ ഉത്തരവാദിത്വവും സുതാര്യതയും ഉറപ്പാക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യകതമാക്കാമോ;

മറുപടി:

1) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ ഭരണസമിതികളുടെ പ്രവർത്തനങ്ങളിൽ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പുവരുത്തുന്നതിനായി, 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ആകസ്മിക പരിശോധനകളിലൂടെയും (Surprise Inspections) വിപുലമായ പരിശോധനകളിലൂടെയും ഉറപ്പുവരുത്തി വരുന്നുണ്ട്.

2) സഹകരണ സംഘത്തെ വിജയകരമായ ഒരു ബിസിനസ്സ് സ്ഥാപനമായി വളർത്തിയെടുക്കുന്നതിന് ആവശ്യമായ നേതൃപാടവവും സാങ്കേതിക വിജ്ഞാനവും കൃത്യമായ ദിശാബോധവും ബോർഡ് അംഗങ്ങൾക്ക് ഉറപ്പുവരുത്തേണ്ടതുണ്ട്. ആയതിനായി, ഭരണസമിതിയിൽ തിരഞ്ഞെടുക്കപ്പെടുകയോ കോ-ഓപ്റ്റ് ചെയ്യപ്പെടുകയോ ചെയ്യുന്ന എല്ലാ അംഗങ്ങളും ചുമതലയേറ്റ് ഒരു വർഷത്തിനകം നിർബന്ധമായും പരിശീലന പരിപാടിയിൽ (Training Programme) പങ്കെടുക്കേണ്ടതാണെന്ന് കേരള സഹകരണ സംഘം ചട്ടങ്ങളിലെ ചട്ടം 50 A വ്യക്തമായി വ്യവസ്ഥ ചെയ്യുന്നു.

3) സഹകരണ സ്ഥാപനങ്ങളിലെ സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുന്നതിനായി ഓഡിറ്റ് പരിശോധനകൾ കൃത്യസമയത്ത് പൂർത്തിയാക്കുന്നതിനും, ഭരണപരമായ നടത്തിപ്പിൽ സുദൃഢമായ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ (Internal Controls) പ്രാവർത്തികമാക്കുന്നതിനും വകുപ്പുതല നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

4) പ്രസ്തുത നിയമത്തിനും ചട്ടങ്ങൾക്കും വിരുദ്ധമായി പ്രവർത്തിക്കുകയോ സാമ്പത്തിക ക്രമക്കേടുകൾ നടത്തുകയോ ചെയ്യുന്ന ഭരണസമിതികൾക്കും ഉദ്യോഗസ്ഥർക്കുമെതിരെ കേരള സഹകരണ സംഘം നിയമത്തിലെ സംബന്ധിച്ച്

വകുപ്പുകൾ പ്രകാരം ശക്തമായ ഭരണപരമായ അന്വേഷണങ്ങളും തുടർന്നുള്ള നിയമനടപടികളും കൃത്യമായി സ്വീകരിച്ചുവരുന്നുണ്ട്.

(സി) നഷ്ടത്തിലോടുന്ന സഹകരണ സ്ഥാപനങ്ങളെ ലാഭത്തിലേക്ക് കൊണ്ടുവരാൻ എന്തെല്ലാം ചെയ്യാൻ കഴിയുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

മറുപടി: നഷ്ടത്തിലോടുന്ന സഹകരണ സ്ഥാപനങ്ങളെ സാമ്പത്തികമായി കരകയറ്റുന്നതിനും ലാഭത്തിലേക്ക് തിരികെ കൊണ്ടുവരുന്നതിനും ചുവടെ പറയുന്ന പുനരുദ്ധാരണ പദ്ധതികൾ നിലവിൽ ഉണ്ട്

1) കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് - സഹകരണ ക്ഷേമവികസന പദ്ധതി 2000, ഈ പദ്ധതി പ്രകാരം പ്രവർത്തനമാന്ദ്യം സംഭവിച്ച അംഗസംഘങ്ങൾക്കായുള്ള പുനരുദ്ധാരണ പദ്ധതി

2) കേരള സഹകരണ സംഘം നിയമം 1969, വകുപ്പ് 57(ഇ) അടിസ്ഥാനമാക്കി സർക്കാരിന്റെ 15-04-2025 ലെ സ.ഉ.(പി) നം. 49/2025/സഹ. നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ച 'കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് പദ്ധതി 2025'

കൂടാതെ സംഘങ്ങൾ നേരിടുന്ന നഷ്ടത്തിനുള്ള പ്രധാന കാരണങ്ങൾ കണ്ടെത്തുന്നതിനും പ്രവർത്തനപരമായ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി പ്രത്യേക സെക്ടറൽ പഠനങ്ങളും സമഗ്രമായ വിലയിരുത്തലുകളും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ